പതിനാലാം കേരള നിയമസഭ

16-ാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ .6608 — 21.11.2019-ൽ മറുപടിക്ക്

## ഭൂമിയുടെ തരം മാറ്റുന്നതിനായി സമർപ്പിച്ച അപേക്ഷ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി.പി.സജീന്ദ്രൻ : | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) തൃശ്ശൂർ ജില്ലയിലെ തൃശ്ശൂർ വില്ലേജിലെ സർവ്വെ നമ്പർ 187/SP-യിൽ ഉൾപ്പെട്ടതും എന്നാൽ ഡാറ്റാ ബാങ്കിൽ ഉൾപ്പെടാത്തതുമായ അഞ്ച് സെന്റ് ഭൂമിയുടെ തരം റവന്യൂ രേഖകളിൽ നിലം എന്ന് രേഖപ്പെടുത്തിയിരിക്കുന്നത് മാറ്റുന്നതിനായി ശാന്തിനി, പെറുമ്പയിൽ വീട്, ചിറ്റാറ്റുക്കര, കാക്കശ്ശേരി, തൃശ്ശൂർ എന്ന വ്യക്തി അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ; | (എ) ശ്രീമതി. ശാന്തിനി, പെരുമ്പയിൽ വീട്, കക്കാശ്ശേരി ചിറ്റാട്ടുക്കര എന്നവർ 20.06.2018-ന് തൃശ്ശൂർ വില്ലേജ് സർവ്വെ 187/5 P-യിൽ ഉൾപ്പെട്ട ഭൂമിയുടെ തരം റവന്യൂ രേഖകളിൽ മാറ്റം വരുത്തുന്നതിന് തൃശ്ശൂർ റവന്യൂ ഡിവിഷണൽ ഓഫീസർ മുമ്പാകെ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. |
| (ബി) അപേക്ഷകയോട് പ്രസ്തുത ഭൂമി തരം മാറ്റുന്നതിനായ് പുതുക്കിയ ന്യായവിലയുടെ മുപ്പത് ശതമാനം തുകയായ 79,88,796/- രൂപ അടക്കാൻ ആവശ്യപ്പെട്ടിട്ടുണ്ടോ; | (ബി) അപേക്ഷകയോട് പ്രസ്തുത ഭൂമി തരം മാറ്റുന്നതിന് 79,88,796/- രൂപ അടക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. |
| (സി) നിലം എന്നത് കണക്കിലെടുത്താണോ പ്രസ്തുത ഭൂമിയുടെ ന്യായവില കണക്കാക്കിയത് എന്ന് വ്യക്തമാക്കാമോ; | (സി) അപേക്ഷാ വസ്തുവിന് ന്യായവില നിശ്ചയിച്ചിട്ടുള്ളതല്ല. ആയതിനാൽ, കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) നിയമം 2008-ലെ, 2 (VI A) വകുപ്പ് പ്രകാരം, സമാനമായതും സമാനമായി സ്ഥിതി ചെയ്യുന്നതുമായ ഭൂമിയുടെ ന്യായവില കണക്കാക്കിയാണ് തുക നിശ്ചയിക്കുന്നത്. |
| (ഡി) പ്രസ്തുത അഞ്ച് സെന്റ് ഭൂമിക്ക് ഒരു സാധാരണക്കാരിയിൽ നിന്ന് ഇത്രയും ഭീമമായ തുക ആവശ്യപ്പെടുന്നത് ന്യായമാണെന്ന് കരുതുന്നുണ്ടോ; | (ഡി) തൃശ്ശൂർ ജില്ലയിൽ വളരെ പ്രധാനപ്പെട്ട ഒരു സ്ഥലത്ത് സ്ഥിതി ചെയ്യുന്നതും ഉയർന്ന ന്യായവിലയും കമ്പോളവിലയും ഉള്ള സ്ഥലവുമായതിനാൽ ഏതൊരു വ്യക്തിയിൽ നിന്നായാലും നിലവിലെ നിയമങ്ങൾക്കനുസരിച്ച് മേൽ തുക അടയ്ക്കുവാൻ നിർദ്ദേശിച്ചിട്ടുള്ളത് ന്യായമാണെന്ന് കരുതുന്നു. അല്ലാത്തപക്ഷം സർക്കാരിന് റവന്യൂ നഷ്ടം വരുന്നതാണ്. |

| | | |
|---|---|---|
| (ഇ) | നിലം എന്ന് റവന്യൂ രേഖയിൽ രേഖപ്പെടുത്തിയിരിക്കുന്നതിനാൽ പ്രസ്തുത യും ഭൂമിയുടെ ന്യായവില നിലം എന്ന ഗണത്തിൽ ഉൾപ്പെടുത്തി നിശ്ചയിച്ച് ഉം നൽകാൻ നടപടി സ്വീകരിക്കുമോ; | (ഇ) (എഫ്) നിലം തരത്തിൽ നിന്നും പുരയിടം എന്ന തരത്തിലേക്ക് മാറ്റുന്നതിന് പ്രസ്തുത ഭൂമിയുടെ ന്യായവിലയുടെ നിശ്ചിത ശതമാനമാണ് ഒടുക്കേണ്ടത്. അപേക്ഷാ ഭൂമിയായ ഋശ്ശൂർ വില്ലേജ് സർവ്വേ 187/5-ൽ ഉൾപ്പെട്ട സ്ഥലത്തിന് ന്യായവില നിശ്ചയിച്ച് വന്നിട്ടില്ലാത്തതാണ്. ഭൂമിയുടെ ന്യായവില നിശ്ചയിച്ചിട്ടില്ലാത്തിടത്ത്, 2018-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) നിയമത്തിന്റെ വകുപ്പ് 2 (vi A) പ്രകാരം സമാനമായതും സമാനമായി സ്ഥിതി ചെയ്യുന്നതുമായ ഭൂമിയുടെ ന്യായവിലയാണ് കണക്കിലെടുക്കേണ്ടത്. ആയതിനാൽ ഇപ്രകാരം മാത്രമേ പ്രസ്തുത ഭൂമിയുടേയും ന്യായവില നിർണ്ണയം സാധ്യമാവുകയുള്ളൂ. 2018-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) നിയമവും ചട്ടങ്ങളിലും അനുശാസിക്കുന്ന പ്രകാരമുള്ള തുക ഒടുക്കുന്ന പക്ഷം പ്രസ്തുത ഭൂമിയുടെ തരം മാറ്റി നൽകുവാൻ സാധിക്കുന്നതാണ്. അപ്രകാരം തരം മാറ്റം ലഭിച്ചാൽ നിലവിലെ കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ മാനദണ്ഡങ്ങൾ പാലിച്ച് നിർമ്മാണാനുമതി വാങ്ങാവുന്നതുമാണ്. |
| (എഫ്) | പ്രസ്തുത ഭൂമിയുടെ സർക്കാർ നിശ്ചയിച്ചിട്ടുള്ള ഫെയർ വാല്യൂ എത്രയാണെന്നും അപേക്ഷകയ്ക്ക് പ്രസ്തുത ഭൂമിയിൽ കെട്ടിടം നിർമ്മിക്കുന്നതിനായി അനുമതി നൽകാൻ കഴിയുമോയെന്നും വ്യക്തമാക്കുമോ? | |

സെക്ഷൻ ഓഫീസർ